ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
ടെലിഫോൺ-0471-2300523,24,2302090
ഇ-മെയിൽ-director.mwd@gmail.com
വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം. MWD/517/2026-S തീയതി.26-10-2026

വിദേശ സർവ്വകലാശാലകളിൽ ബിരുദാനന്തര ബിരുദം, പി.എച്ച്.ഡി കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള ഓവർസീസ് സ്കോളർഷിപ്പ് 2026-27 അപേക്ഷ ക്ഷണിക്കുന്നു

വിജ്ഞാപനം

കേരളത്തിലെ ന്യൂനപക്ഷ മത വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രമുഖ വിദേശ സർവ്വകലാശാലകളിൽ ഉന്നതപഠനം (PG, Ph.D.) നടത്തുന്നതിനായി **2026-27 സാമ്പത്തിക വർഷം മുതൽ ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി ആരംഭിച്ചിട്ടുണ്ട്.** കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആഗോളതലത്തിൽ മികച്ച വിദ്യാഭ്യാസവും ഗവേഷണ അവസരങ്ങളും ലഭ്യമാക്കുന്നതിനായി പ്രമുഖ വിദേശ സർവ്വകലാശാലകളിൽ പഠിക്കാൻ സാമ്പത്തിക സഹായം നൽകുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

യോഗ്യതയും തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങളും

- അപേക്ഷകൻ കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാഴ്സി എന്നിവയിലൊന്നിൽ ഉൾപ്പെട്ട ആളായിരിക്കണം.
- അപേക്ഷകൻ കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യാനുപാതികമായാണ് സ്കോളർഷിപ്പുകൾ സമുദായങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നത്.

വിദ്യാഭ്യാസ യോഗ്യതയും പ്രായപരിധിയും

- അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ അപേക്ഷകന്റെ പ്രായം 40 വയസ്സ് കവിയരുത്.
- അംഗീകൃത ഇന്ത്യൻ സർവ്വകലാശാലയിൽ നിന്നുള്ള യോഗ്യതാ പരീക്ഷയിൽ കുറഞ്ഞത് 60% മാർക്കോ തത്തുല്യ ഗ്രേഡോ നേടിയിരിക്കണം.
- ടൈംസ് ഹയർ എഡ്യൂക്കേഷൻ വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗിൽ ആദ്യ 600 സ്ഥാനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വിദേശ സർവ്വകലാശാലകളിൽ പ്രവേശനം നേടിയിരിക്കണം.

വരുമാന പരിധിയും മുൻഗണനയും

- അപേക്ഷകന്റെ കുടുംബത്തിന്റെ വാർഷിക വരുമാനം എല്ലാ സ്രോതസ്സുകളിൽ നിന്നുമായി 8,00,000/- (എട്ട് ലക്ഷം) രൂപയിൽ കവിയരുത്.
- വരുമാന പരിധിക്ക് വിധേയമായി മുൻഗണനാ റേഷൻ കാർഡ് ഉള്ളവർക്ക് പ്രയോറിറ്റി നൽകുന്നതാണ്.
- ഒരു കുടുംബത്തിൽ നിന്നും ഒരു അംഗത്തിന് മാത്രമേ സ്കോളർഷിപ്പ് ആനുകൂല്യം ലഭിക്കുകയുള്ളൂ. ഇതിനായി വിദ്യാർത്ഥി സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

താഴെ പറയുന്ന മേഖലകളിലെ PG, Ph.D. പഠനത്തിനാണ് സ്കോളർഷിപ്പ് ലഭിക്കുക:

1. എഞ്ചിനീയറിംഗ്
2. കമ്പ്യൂട്ടർ സയൻസ് & ഇൻഫർമേഷൻ ടെക്നോളജി
3. മാനേജ്മെന്റ്
4. പ്യുവർ സയൻസസ്
5. മെഡിസിൻ & അലൈഡ് ഹെൽത്ത്
6. സോഷ്യൽ സയൻസസ്
7. നിയമപഠനം
8. അഗ്രികൾച്ചറൽ സയൻസസ്

സാമ്പത്തിക സഹായവും വിതരണവും

ഒരു വിദ്യാർത്ഥിക്ക് കോഴ്സ് പൂർത്തിയാക്കാൻ ആവശ്യമായ ആകെ തുകയുടെ 50% അല്ലെങ്കിൽ പരമാവധി 10,00,000/- (പത്ത് ലക്ഷം) രൂപ, ഇതിൽ ഏതാണോ കുറവ് അതായിരിക്കും സ്കോളർഷിപ്പായി അനുവദിക്കുന്നത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- വിദേശ സ്ഥാപനത്തിലെ ട്യൂഷൻ ഫീസും കോഴ്സ് ഫീസും
- ഔദ്യോഗിക വിസ പ്രോസസ്സിംഗ് ചാർജ്ജുകൾ
- അദ്ധ്യയന വർഷത്തിൽ ഒരു തവണത്തെ ഇരുവശത്തേക്കുമുള്ള ഇക്കണോമി ക്ലാസ്സ് വിമാന യാത്രാക്കൂലി
- പ്രതിമാസ ജീവിതച്ചെലവ്
- നിർബന്ധിത മെഡിക്കൽ ഇൻഷുറൻസ്
- പുസ്തകങ്ങൾക്കും മറ്റ് പഠന സാമഗ്രികൾക്കുമുള്ള ചെലവ്

സ്കോളർഷിപ്പിന് തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് തുക മൂന്ന് ഗഡുക്കളായാണ് വിതരണം ചെയ്യുന്നത്:

- **ഒന്നാം ഗഡു (50%):** ജോയിനിംഗ് ലെറ്ററും വിസയും പരിശോധിച്ച ശേഷം, നിശ്ചിത കരാർ (Bond) ഒപ്പുവെക്കുന്ന മുറയ്ക്ക്.
- **രണ്ടാം ഗഡു (30%):** ഒന്നാം വർഷം പൂർത്തിയാക്കിയതിന്റെ സർട്ടിഫിക്കറ്റ് വിദേശ സർവ്വകലാശാലയിൽ നിന്നും ഹാജരാക്കുമ്പോൾ.
- **മൂന്നാം ഗഡു (20%):** കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ ശേഷം ഫൈനൽ സർട്ടിഫിക്കറ്റ് സമർപ്പിക്കുമ്പോൾ.
- തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾ ആദ്യ ഗഡു കൈപ്പറ്റുന്നതിന് മുൻപായി 200 രൂപയുടെ മുദ്രപ്പത്രത്തിൽ നിശ്ചിത കരാർ (Bond) ഒപ്പുവെക്കേണ്ടതാണ്.
- കോഴ്സ് പാതിവഴിയിൽ ഉപേക്ഷിക്കുകയോ, വിദേശ സ്ഥാപനത്തിന്റെ നിയമങ്ങൾ ലംഘിക്കുകയോ, സ്കോളർഷിപ്പ് കാലയളവിൽ ഇന്ത്യൻ പൗരത്വം ഉപേക്ഷിക്കുകയോ ചെയ്താൽ വിതരണം ചെയ്ത തുക പലിശ സഹിതം പൂർണ്ണമായും തിരികെ ഈടാക്കുന്നതാണ്.

അപേക്ഷ സമർപ്പിക്കേണ്ട രീതി

- വിദേശ സർവ്വകലാശാലയിൽ നിന്നുള്ള ഔദ്യോഗിക അഡ്മിഷൻ ലെറ്ററും ട്യൂഷൻ ഫീസ്, താമസ-ഭക്ഷണ ചെലവുകൾ എന്നിവ വ്യക്തമാക്കുന്ന രേഖകളും അപേക്ഷയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.
- അപേക്ഷകൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.mwdscholarship.kerala.gov.in** മുഖേനയാണ് സമർപ്പിക്കേണ്ടത്.
- അപേക്ഷാ നടപടിക്രമങ്ങൾ താഴെ പറയുന്നവയാണ്:

1. **വൺ-ടൈം രജിസ്ട്രേഷൻ (OTR):** വെബ്സൈറ്റിൽ വൺ-ടൈം രജിസ്ട്രേഷൻ പൂർത്തിയാക്കുക.
2. **അടിസ്ഥാന വിവരങ്ങളും യോഗ്യതകളും:** വ്യക്തിഗത വിവരങ്ങളും വിദ്യാഭ്യാസ യോഗ്യതകളും കൃത്യമായി രേഖപ്പെടുത്തുക.
3. **രേഖകൾ അപ്ലോഡ് ചെയ്യൽ:** താഴെ പറയുന്ന രേഖകളുടെ സ്കാൻ ചെയ്ത പകർപ്പുകൾ അപ്ലോഡ് ചെയ്യുക:
    - SSLC ബുക്ക്
    - കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്/മൈനോറിറ്റി സർട്ടിഫിക്കറ്റ്
    - വരുമാന സർട്ടിഫിക്കറ്റ്

- യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റ്
- വിദേശ സർവ്വകലാശാലയിൽ നിന്നുള്ള ഓഫർ/അഡ്മിഷൻ ലെറ്റർ
- സ്റ്റഡി/സ്റ്റുഡൻ്റ് വിസ
- ആധാർ കാർഡ്
- ബാങ്ക് പാസ്സ് ബുക്ക് (ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ ബാങ്ക്)
- ഓൺലൈൻ പോർട്ടൽ നിർദ്ദേശിക്കുന്ന മറ്റ് രേഖകൾ
- ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിൻ്റ് ഔട്ടും മുകളിൽ സൂചിപ്പിച്ച രേഖകളുടെ പകർപ്പുകളും ഡയറക്ടർ ,ന്യൂനപക്ഷ ക്ഷേമ വകുപ്പ് , നാലാം നില , വികാസ് ഭവൻ ,തിരുവനന്തപുരം -695033 എന്ന വിലാസത്തിൽ തപാൽ/നേരിട്ടോ നൽകേണ്ടതാണ്.

അവസാന തീയതി

- ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: **30-11-2026**
- അപേക്ഷയുടെ പ്രിൻ്റ് ഔട്ടും അനുബന്ധ രേഖകളും വകുപ്പിൽ ലഭിക്കേണ്ട അവസാന തീയതി: **07-12-2026**

Digitally signed by
DEVIDAS N
Date: 26-10-2026
15:21:49

വിശ്വസ്തതയോടെ

DEVIDAS N IAS
DIRECTOR